**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4637** **19-03-2025 - ൽ മറുപടിയ്ക്ക്**

**കൂരാച്ചുണ്ട് പഞ്ചായത്തിലെ വനാതിർത്തികളിൽ ഫെൻസിംഗ് സ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ബാലുശ്ശേരി മണ്ഡലത്തിലെ കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിൽ വനാതിർത്തിയോടു ചേർന്നുള്ള ജനവാസ മേഖലയിൽ വന്യജീവികൾ ഇറങ്ങുന്നത് തടയാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (എ) | ബാലുശ്ശേരി മണ്ഡലത്തിലെ കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിൽ വനാതിർത്തിയിൽ സ്ഥിതിചെയ്യുന്ന അമ്പലക്കുന്ന് ആദിവാസി നഗർ, KSEB കോളനി, പഞ്ചവടിപാലം എന്നീ ഭാഗങ്ങളിൽ 4650 മീറ്റർ ദൂരത്തിൽ സോളാർ ഫെൻസിംഗ് സ്ഥാപിച്ചും വാച്ചറുടെ സേവനം ഉപയോഗപ്പെടുത്തിയും പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. കക്കയം ഫോറസ്റ്റ് സ്റ്റേഷന്റെ പരിധിയിൽ സാറ്റലൈറ്റ് RRT രൂപീകരിച്ച് പ്രവർത്തനത്തിനായി ബൊലേറോ ക്യാമ്പർ വാഹനവും 3 ജീവനക്കാരെയും 4 ദിവസക്കൂലി വാച്ചർമാരെയും നിയോഗിച്ചിട്ടുണ്ട്. കക്കയം വാലി ഭാഗത്ത് 2 കി.മീ ദൂരത്തിൽ സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിന് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഫെൻസിംഗ് നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻതന്നെ ആരംഭിക്കുവാൻ സാധിക്കും. |
| (ബി) | പ്രസ്തുത പ്രദേശത്ത് എത്ര കിലോമീറ്റർ ദൂരത്തിൽ ഫെൻസിംഗ് സ്ഥാപിക്കാനാണ് നിലവിൽ തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | ബാലുശ്ശേരി മണ്ഡലത്തിലെ കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിൽ വനാതിർത്തിയിൽ സ്ഥിതിചെയ്യുന്ന അമ്പലക്കുന്ന് ആദിവാസി നഗർ മുതൽ കരിയാത്തുമ്പാറ 30-ാം മൈൽ വരെ 10 കി.മീ ദൂരത്തിൽ ഹാംഗിങ്ങ് ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. |
| (സി) | കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ വനാതിർത്തിയോട് ചേർന്നുള്ള പ്രദേശങ്ങളിൽ പൂർണ്ണമായും ഫെൻസിംഗ് സ്ഥാപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; എത്ര കിലോമീറ്റർ ദൂരത്തിലാണ് ഇനി ഇവിടെ ഫെൻസിംഗ് സ്ഥാപിക്കാനുള്ളത്; വിശദമാക്കാമോ? | (സി) | കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ വനാതിർത്തിയോട് ചേർന്നുള്ള പ്രദേശങ്ങളായ ഓട്ടപ്പാലം, കാളങ്ങാലി, മണ്ടോപ്പാറ, കല്ലാനോട്, തോണിക്കടവ് ഭാഗങ്ങളിൽ 15 കി.മീ ദൂരത്തിൽ ഹാംഗിങ്ങ് ഫെൻസിംഗ് സ്ഥാപിച്ചാൽ പെരുവണ്ണാമൂഴി റിസർവോയർ കടന്ന് ജനവാസ മേഖലകളിൽ കാട്ടാനകളെത്തുന്നത് തടയാനാകും. അമ്പലക്കുന്ന് ആദിവാസി നഗർ മുതൽ കരിയാത്തുമ്പാറ 30-ാം മൈൽ വരെയുള്ള 10 കി.മീ. |

| | | | |
|---|---|---|---|
| | | | കൂടാതെ ടി 15 കി.മീ. ദൂരത്തിലാണ് ഇനി ഈ പ്രദേശത്ത് ഫെൻസിംഗ് സ്ഥാപിക്കാൻ ബാക്കിയുള്ളത്. ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കും |

സെക്ഷൻ ഓഫീസർ